പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 698 — 10/02/2016 ൽ മറുപടിക്ക്

ഐ.പി. സംവിധാനം

| ചോദ്യം<br>ശ്രീ.സി. കൃഷ്ണൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെ മതിയായ ജീവനക്കാരെ നിയമിച്ച് ഐ.പി. സംവിധാനം പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ നിലവിൽ ഐ.പി. സംവിധാനം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ആശുപത്രിയിൽ നിലവിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ ഒരൊഴിവും, അസിസ്റ്റന്റ് സർജൻ തസ്തികയിൽ മൂന്ന് ഒഴിവുകളും, പാർട്ട് ടൈം സ്വീപ്പർ, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിൽ ഓരോ ഒഴിവുകളുമാണുള്ളത്. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നികത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. പി.എസ്.സി. നിയമനം വഴിയോ, പഠനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പുനർനിയമനം നൽകുന്നതു വഴിയോ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സ്ഥാനക്കയറ്റം വഴി ഒഴിവുള്ള പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഒഴിവുള്ള മറ്റു തസ്തികകളായ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം സ്വീപ്പർ എന്നിവ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമനം വഴി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ